കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
e-mail:dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.6/2037/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി. 22.11.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.6/2037/2016 തീയതി – 22.11.2016

# കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.08.2015 മുതൽ 22.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .കെ.കെ.സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 04.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മോഹൻ കുന്നം മനക്കൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ധീരജ്.ജെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷൈജു.സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കെ സി സൽമടീച്ചർ | 01.04.2015 മുതൽ 31.10.2015വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.15 മുതൽ<br>12.11.15 വരെ |
| | ശ്രീ അബ്ദുള്ള വി കെ | 13.11.2015 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ കെ വി പ്രേമരാജൻ | 01.04.2015 മുതൽ 31.08.2015വരെ |
| | ശ്രീ സജി പി ബി ,<br>അസിസ്റ്റന്റ് സെക്രട്ടറി<br>(ഇൻ ചാർജ്) | 01.09.2015 മുതൽ 27.11.2015വരെ |
| | ശ്രീ ഇ കെ അശോകൻ | 28.11.2015 മുതൽ 31.03.2016വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അനീഷ്ഇ കെ | 01.04.2015 മുതൽ 24.07.2015വരെ |
| | ശ്രീ സജി പി ബി | 01.09.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ അഖിൽ ഹരി | 01.04.2015 മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | സുദീന്ദ്ര വൈ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡേവിഡ് എബ്രഹാം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അന.ഓ ജി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയേന്ദു | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ.കിടാവ്ദർശൻനായർ | 01.04.2015 മുതൽ 31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കെ കെ ബാലകൃഷ്ണൻ | 01.04.2015 മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിമല സി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ ഷൈജിത്ത് | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – സർട്ടിഫിക്കറ്റ് വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | തൊഴിൽ നികുതി സംബന്ധമായ അപാകതകൾ | 2-1 |
| 13 | ഓഡിറ്റോറിയം,ഹാൾ - ബൈലോ,വാടക രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല | 2-2 |
| 14 | ലേലരജിസ്റ്റർ ഹാജരാക്കിയിട്ടില്ല.മരം വില്പനയിലെ വരവ് -വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 2-3 |
| 15 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 2-4 |
| 16 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-5 |
| | <u>ഭാഗം 3</u> | |
| 17 | കുടിവെള്ളപദ്ധതികൾ - ഭൂരിഭാഗം പ്രൊജക്റ്റുകളും നടപ്പാക്കിയില്ല. | 3-1 |
| 18 | മരാമത്ത് പ്രൊജക്റ്റുകൾ- പൊതു അപാകതകൾ | 3-2 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപറ്റ് രശീത് ഇല്ല. | 3-3 |
| 20 | തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കൽ - ജില്ലാ പഞ്ചാത്തിന് നല്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-4 |
| 21 | ഭൂമി വാങ്ങൽ പദ്ധതി- അപാകതകൾ | 3-5 |
| 22 | എസ്.എസ്.എ വിഹിതം വിനിയോഗ സാക്ഷ്യ പത്രം ഇല്ല. | 3-6 |
| 23 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതി-പൊതു അപാകതകൾ | 3-7 |
| 24 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിക്ക് കൃത്യമായ ഗുണഭോക്തൃ ലിസ്റ്റ് ഇല്ല | 3-8 |
| 25 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അംഗപരിമിതർക്ക് മുച്ചക്ര വാഹനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 26 | വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്റ്റുകൾ – അപാകതകൾ | 3-10 |
| | <u>ഭാഗം 4</u> | |
| 26 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| | അനുബന്ധം | |
|---|---|---|
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27.3.15 തിയതിയിലെ 27/2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 03.03.2016 ലെ 30/2016 പ്രകാരം ഭരണസമിതി അംഗീകരിച്ചു. മുൻബാക്കി അടക്കം 100559603/- രൂ. വരവും 9219603/- ചെലവും ബജറ്റ് പ്രകാരം പ്രതീക്ഷിച്ചു. വരവു ചെലവു പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് 28038441/- രൂപയും ചെലവ് 47947317 രൂപയുമാണ്. ബജറ്റ് നിർദ്ദേശ പ്രകാരമുള്ള ആകെ വരവു ചെലവു തുകകൾ യഥാർത്ഥവരവു ചെലവുകളുമായി അന്തരം കാണുന്നുണ്ടെങ്കിലും റവന്യൂ വരവ് ഇനങ്ങൾ യാഥാർത്ഥ്യവുമായി ഏറെക്കുറെ പൊരുത്തപ്പെടുന്നവയാണ്. ഉദാഹരണമായി കെട്ടിട നികുതി ഇനം ഡിമാന്റ് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക പ്രകാരം 2208894 രൂപയും ബജറ്റ് നിർദ്ദേശം 1800000രൂപയുമാണ്. വാടക, ഡി ആന്റ് ഒ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീ എന്നീയിനങ്ങളുടെ ഡിമാന്റും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നു. തൻ വർഷം, പബ്ലിക്ക് അക്കൗണ്ടുകൾ നിർത്തലാക്കി സഞ്ചിത നിധിയിൽ നിന്നും ചെലവു ചെയ്യുന്ന രീതി ആവിഷ്കരിച്ചതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി ചെലവുകൾക്ക് സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ പരിമിതികൾ ഉണ്ടായിട്ടുണ്ട് പദ്ധതി ചെലവുകൾക്കായുള്ള ഫണ്ട് സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങളിലെ വ്യതിയാനമാണ് ആകെ പ്രതീക്ഷിത വരവും ചെലവും യാഥാർത്ഥ്യവുമായി അന്തരമുണ്ടാക്കിയത്. തൻവർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 14.7.16 | ------ | ------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27.10.2016 | അനുബന്ധം 1കാണുക |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 36662917

വരവ് : 28038441

ആകെ : 64701358

ചെലവ് : 47947317

നീക്കിബാക്കി : 16754041

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4530518 | 10241686 (TC) | 14772204 | 9630712 | - | ഇല്ല (5141492 രൂപ സഞ്ചിതനിധിയിൽ നിന്നും വിനിയോഗിച്ചിട്ടില്ല. ആയതിനാൽ ലാപ്സായി) |
| വികസന ഫണ്ട്(എസ്.സി.പി) | 2294491 | 1220539 | 3515030 | 1240539 | (-)2274491 | - |
| വികസനഫണ്ട്(ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3984076 | 1480725 | 5464801 | 5464801 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3402818 | 486491 | 3889309 | 3889309 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4419222 | 6505763 | 10924985 | 6054207 | (-)4870778 | - |
| ലോക ബാങ്ക് സഹായം | 3316805 | 2835572 | 6152377 | 3055960 | 3096417 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 62868705 | 112 | 31603289 | 20 | 86 | 46.46 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ പ്രൊജക്ടുകള് | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 9 | 6 | 1 | o | -- | -- | 10 | 6 |
| സേവനം | 79 | 40 | 16 | 6 | ---- | | 95 | 46 |
| പശ്ചാത്തലം | 90 | 60 | 3 | 1 | -- | -- | 93 | 61 |
| | 178 | 106 | 20 | 8 | -- | -- | 198 | 112 |

2011 സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 26738 ആണ്. 2015-16 പദ്ധതി രേഖ പ്രകാരം ജനസംഖ്യയുടെ 90% വും കർഷകരോ, കാർഷികവൃത്തിയുമായി നേരിട്ടോ പരോക്ഷമായോ ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരാണ്. 2015-16 വർഷം ആകെ അംഗീകാരം ലഭിച്ചതിൽ 43% പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. പല നിർവ്വഹണോദ്യോഗസ്ഥർക്കും നാമമാത്ര എണ്ണം പ്രൊജക്ടുകൾ മാത്രമെ ഉള്ളു. ആയതിൽതന്നെ പലതും നടപ്പാക്കിയിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു. മേൽ പട്ടിക പരിശോധിച്ചാൽ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പ്രൊജ്കറ്റ് ആസൂത്രണ-നിർവ്വഹണഘട്ടങ്ങളിൽ വേണ്ടത്ര ശ്രദ്ധ കിട്ടിയിട്ടില്ല എന്നു കാണാം. ഗ്രാമ പഞ്ചായത്തിൻറെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വളരെ പ്രധാന പങ്കു വഹിക്കുന്നത് കൃഷി, മൃഗസംരക്ഷണ ക്ഷീരവികസന മേഖലയാണ്. എന്നാൽ ഈ മേഖലയുടെ പ്രാധാന്യമനുസരിച്ച് പ്രൊജക്ടുകൾ

വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്തിട്ടില്ല. തൻവർഷം കാർഷിക മേഖലയിൽ 4 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 3 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഗുണഭോക്തൃവിഹിതം അടക്കം 1869700 രൂ. വകയിരുത്തിയതിൽ 747400 രൂ. ചെലവഴിച്ചു(39.97%). മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ 5 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 3 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഗുണഭോക്തൃവിഹിതം അടക്കം 5075000 രൂ. വകയിരുത്തിയതിൽ 1988000 രൂ. ചെലവഴിച്ചു(39.17%). പശ്ചാത്തല- സേവനമേഖലയിൽ

145മരാമത്ത് പ്രവൃത്തി പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 78 എണ്ണം മാത്രമാണ് നടപ്പാക്കിയത് - 53.79 %. വകയിരുത്തിയ പദ്ധതി പണത്തിന്റെ 65% മാത്രമെ വിനിയോഗിച്ചുള്ളൂ.നടപ്പാക്കിയ മരാമത്ത് പ്രൊജക്ടുളിൽ18 എണ്ണം അസി.എഞ്ചിനീയരും ബാക്കി 60 എണ്ണം സെക്രട്ടറിയുമാണ് നടപ്പാക്കിയത്. 19.19.15 ലെ ജി.(ഓ.പി)1419/2015(ഫിൻ) ഉത്തരവ് പ്രകാരം പഞ്ചായത്തിന്റെ പബ്ലിക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക സഞ്ചിതനിധിയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിഗണിക്കുമ്പോഴും, പശ്ചാത്തല സേവന മേഖലയിൽ മരാമത്ത് പ്രൊജക്ടുകൾക്കായി വകയിരുത്തിയ പദ്ധതിപണത്തിന്റെ 65% വും പദ്ധതികൾ നടപ്പാക്കാത്തതിനാലോ ഭാഗികമായി നടപ്പാക്കിയതിനാലോ ലാപ്സായിപോയി എന്നതാണ് വാസ്തവം. ഭാഗികമായി മാത്രം നടപ്പാക്കുന്ന രീതിയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നരീതിയും പദ്ധതി പണത്തിന്റെ വിനിയോഗത്തിൽ പരിമിതി ഉണ്ടാക്കിയിട്ടുണ്ട്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2899304 | 1837016 | 1062288 | (-) |
| നികുതിയേതര വരവുകൾ | 1018425 | 279121 | 739304 | (-) |
| മറ്റുവരവുകൾ | 344661 | 318377 | 26284 | (-) |
| ആകെ | 4262390 | 2434514 | 1827876 | (-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 370680 | 262 |
| കർഷകതൊഴിലാളി പെൻഷൻ | 5673660 | 805 |
| വിധവാപെൻഷൻ | 8369600 | 916 |
| വാർദ്ധക്യകാലപെൻഷൻ | 6534390 | 844 |
| വികലാംഗപെൻഷൻ | 2236420 | 278 |

| | | |
|---|---|---|
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 164200 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10103/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2015 | 8/2015 | 14.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.03.2006 മുതൽ 01.04.2006 വരെ | 1997-98 മുതൽ 2004-05 വരെ | 29.06.2010 |

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

2015-16 വർഷം തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും.

1) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ വേളം പി എച്ച് സി യിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ആയ ശ്രീമതി വനജ കെ എന്നവർ 24.07.2015 നാണ് ആവള പി എച്ച് സി യിലേക്ക് സ്ഥലം മാറി പോയത്. ടിയാളിൽ നിന്നും ആനുപാതികമായി നികുതി ഈടാക്കുകയോ സ്ഥലം മാറ്റം കിട്ടിയ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതായുള്ള രേഖ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2) തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 30 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ 35 സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ-5 ലെ മാതൃകയിൽ സൂക്ഷിക്കണം.

3) അക്ഷയ കേന്ദ്രം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഓഡിറ്റോറിയം,ഹാൾ - ബൈലോ,വാടക രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റോറിയം, ഹാൾ എന്നിവയുടെ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് 3750/- രൂപ വരവുണ്ട്.എന്നാൽ ഓഡിറ്റോറിയം വാടകക്ക് നല്കുന്നത് സംബന്ധിച്ച് ബൈലോ,വാടക രജിസ്റ്റർ, ഓഡിറ്റോറിയത്തിന് ഈടാക്കേണ്ട വാടക നിശ്ചയിച്ച ഭരണസമിതി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് കാലയളവിൽ ഈയിനത്തിലുള്ള വരവ് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ വാടകക്ക് ആവശ്യമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ക്രമപ്രകാരം ഹാൾ അനുവദിക്കേണ്ടതും അപേക്ഷകൾ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-3 ലേലരജിസ്റ്റർ ഹാജരാക്കിയിട്ടില്ല.മരം വില്പനയിലെ വരവ് -വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽപ്പെടുന്ന പഞ്ചായത്ത് പുറമ്പോക്കിൽ സ്ഥിതി ചെയ്തിരുന്ന ഞാറൽമരം 12.08.2015 ന് ലേലം ചെയ്ത് വിൽപന നടത്തിയതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. ലേലം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന ലേലരജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മരം വില്പനയിലെ വരവ് -വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

12.08.2015 ന് പഞ്ചായത്ത് പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന ഞാറൽമരം 10,000/- രൂപയ്ക്ക് ലേലം ചെയ്ത് വിൽക്കുകയും ,ഈയിനത്തിൽ 12.5% വാറ്റും ആകെ തുകയുടെ 5% വനവികസന നികുതിയുമായി 11813/- രൂപ വരവു വന്നിട്ടുണ്ട്.(രശീതി നമ്പർ : 11501100636/12.08.2015, 4000/- രൂപ,11501100769 തി.08.09.2015, 7813/- രൂപ). എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ "Sale of Timber “ ഇനത്തിൽ 6000/- രൂപയാണ് വരവു കാണിച്ചത്.മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 4000/- രൂപ ഹെഡ് മാറി 340100103 എന്ന അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തുപോയതാണെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 2-4 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

പഞ്ചായത്തിൽ അവശ്യം സൂക്ഷിക്കേണ്ട വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. കെട്ടിടനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ - തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. കെട്ടിടനികുതി കടിശിക രജിസ്റ്റർ - തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. ഓഡിറ്റ് റിക്കവറി രജിസ്റ്റർ - തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. വാടക രജിസ്റ്റർ - തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. ലേല രജിസ്റ്റർ - തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ - പൂർണ്ണമല്ല

മേൽ രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-5 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തു നികുതി തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

3. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

4. വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ജേർണലൈസ് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

5. മരം വില്പന ഇനത്തിൽ 10000/- രൂ. വരവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക- RP5 പ്രകാരം 6000/- രൂപയാണ് ഈയിനത്തിലെ വരവായി രേഖപ്പെടുത്തിയത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ളപദ്ധതികൾ - ഭൂരിഭാഗം പ്രൊജക്റ്റുകളും നടപ്പാക്കിയില്ല.

2015-16 വർഷം ഗ്രാമപഞ്ചായത്തിന്റെ 23 കുടിവെള്ളപ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പ്രൊജക്റ്റുകളും സ്പിൽ ഓവർ പ്രൊജക്റ്റുകളാണ്. എന്നാൽ തൻ വർഷം ഭൂരിഭാഗം കുടിവെള്ള പ്രൊജക്റ്റുകളും നടപ്പാക്കാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്ര.നം | കുടിവെള്ളപദ്ധതിയുടെ പേര് | പ്രൊജ. നം. വകയിരുത്തിയ തുക | വകയിരുത്തിയ തുക | തൻവർഷ ചെലവ് | സ്പിൽ ഓവർ പ്രൊജക്റ്റ് പ്രകാരം നാളിതുവരെയുള്ള ചെലവ് |
|---|---|---|---|---|---|
| 1 | മലയിൽ വളപ്പ് കുടിവെള്ളപദ്ധതി | 101/16(so) | 57312 | 0 | 442688 |
| 2 | വെങ്കണയുള്ള പറമ്പിൽ കുടിവെള്ളപദ്ധതി | 102/16(so) | 100000 | 0 | 0 |
| 3 | തെക്കിന പുതിയടുത്ത് കുടിവെള്ളപദ്ധതി | 103/16(so) | 313337 | 0 | 0 |
| 4 | ആയാടക്കണ്ടി കുടിവെള്ളപദ്ധതി | 104/16(so) | 300000 | 0 | 0 |
| 5 | കുളിക്കുന്ന് സ്റ്റേഡിയം കുടിവെള്ളപദ്ധതി പൂർത്തികരണം (പ.ജാതി) | 105/16(so) | 166659 | 0 | 833341 |

| | | | | | |
|---|---|---|---|---|---|
| 6 | ഇല്ല്യാട്ട്കുന്ന് കുടിവെള്ളപദ്ധതി(പ.ജാതി) | 111/16(so) | 313617 | 0 | 103500 |
| 7 | കുളിക്കുന്ന് സ്റ്റേഡിയം കുടിവെള്ളപദ്ധതി(പ.ജാതി) | 113/16(so) | 576960 | 0 | 043200 |
| 8 | നാരോക്കുഴി കുടിവെള്ളപദ്ധതി | 131/16(so) | 61700 | 0 | 0187571 |
| 9 | വല്ലത്ത് മീത്തൽ കുടിവെള്ളപദ്ധതി പൂർത്തീകരണം | 133/16(so) | 75247 | 0 | 424753 |
| 10 | നെല്ലിക്കുന്ന് കുടിവെള്ളപദ്ധതി പൂർത്തികരണം | 138/16(so) | 570165 | 0 | 429835 |
| 11 | ആലക്കാട്ട് തറ കുടിവെള്ളപദ്ധതി പൂർത്തികരണം(പ.ജാതി) | 139/16(so) | 304199 | 0 | 195801 |
| 12 | ഈങ്ങാത്തേരി കുടിവെള്ളപദ്ധതി | 144/16(so) | 78678 | 0 | 231322 |
| 13 | വല്ലത്ത്മീത്തൽ കുടിവെള്ളപദ്ധതി | 145/16(so) | 67016 | 0 | 71330 |
| 14 | മലയിൽ മുക്ക് കുടിവെള്ളപദ്ധതി | 146/16(so) | 56290 | 0 | 56625 |
| 15 | 13,14വാർഡുകളിലെ കുടിവെള്ളപദ്ധതി | 150/16(so) | 168339 | 0 | 184965 |
| 16 | മുതുകുന്ന് - തീയ്യർകുന്ന് കുടിവെള്ളപദ്ധതി(13,14 വാർഡുകൾ) വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 157/16(so) | 337388 | 0 | 0 |
| 17 | ഞള്ളേരികുന്ന് കുടിവെള്ളപദ്ധതി പൂർത്തികരണം | 165/16(so) | 140433 | 0 | 0 |
| 18 | പാറക്കാം പൊയിൽ കുടിവെള്ളപദ്ധതി പൂർത്തികരണം | 166/16(so) | 70000 | 0 | 0 |
| 19 | കുളിക്കുന്ന് സ്റ്റേഡിയം കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിക്കൽ - പൂർത്തികരണം | 212/16(N) | 500000 | 0 | - |
| 20 | വല്ലത്ത് മീത്തൽ കുടിവെള്ളപദ്ധതി പൂർത്തികരണം | 223/16(N) | 50000 | 0 | - |

2015-16 വർഷം സേവനം- പശ്ചാത്തലമേഖലയിലെ മരാമത്ത് പ്രവൃത്തികൾക്കായുള്ള 145 പ്രൊജക്റ്റുകളിൽ 18 എണ്ണമാണ് അസി. എഞ്ചിനീയർ നിർവ്വഹണോത്തരവാദിത്തത്തിൽ നടപ്പാക്കിയത്. ബാക്കി 127 പ്രൊജക്റ്റുകളുടെയും നിർവ്വഹണോത്തരവാദിത്തം സെക്രട്ടറിക്കാണ്. ഇതിൽ 65 മരാമത്ത് പ്രവൃത്തിപ്രൊജക്റ്റുകൾ മാത്രമാണ് സെക്രട്ടറി നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അംഗീകാരം നേടി നടപ്പാക്കേണ്ടിയിരുന്ന 23 കുടിവെള്ള പ്രൊജക്റ്റുകളും ഇതിൽപ്പെടുന്നു. ഇതിൽ 3 എണ്ണത്തിനു മാത്രമെ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളു. ബാക്കി 20 നം തുക ചെലവഴിച്ചിട്ടില്ല. ഇതിൽ 18 എണ്ണം സ്പിൽ ഓവർ പ്രൊജക്റ്റുകളാണ്. മുൻകാലങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾ പലതും നാളിതുവരെ പൂർത്തിയായിട്ടില്ല എന്നതാണ് വ്യക്തമാകുന്നത്. മേൽ പ്രൊജക്റ്റുകൾക്കായി തൻവർഷം ആകെ

വകയിരുത്തിയ 5544108/-രൂപയിൽ 1723798യ- രൂ. പഞ്ചായത്തിന്റെ പദ്ധതി പണമാണ്. തൻവർഷം വിനിയോഗിക്കാത്തതിനാൽ ലാപ്സായ 5141492രൂപയിൽ ഈ തുകയും ഉൾപ്പെടുന്നു. നടപ്പാക്കാത്ത മേൽ പ്രൊജക്ടുകളുടെ വിശദവിവരം ലഭ്യമാക്കാത്തതിനാൽ നാളിതുവരെയുള്ള ചെലവ് വ്യക്തമായിട്ടില്ല. കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടതുൾപ്പെടെയുള്ള ജനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ സേവനം ഫലപ്രദമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല . മേൽചേർത്ത പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. തുക വകയിരുത്തിയിട്ടും കുടിവെള്ള പ്രൊജക്ടുകൾ പൂർത്തിയാക്കിയില്ല എന്നതിനു പുറമെ മറ്റ് പ്രൊജക്റ്റുകൾക്ക് വിനിയോഗിക്കാനുള്ള സാധ്യതയും ഇല്ലാതായി. സാങ്കേതികമായ കാര്യങ്ങളിൽ അറിവു ആവശ്യമുള്ള മരാമത്ത്പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ത.സ്വ.ഭ സ്ഥാപനങ്ങളിൽ പ്രത്യേകം എഞ്ചിനീയറിങ്ങ് വിഭാഗം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം തൻവർഷത്തെ മരാമത്ത് പ്രവൃത്തികൾക്കുള്ള പ്രൊജക്റ്റുകൾ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർക്കു പകരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കേണ്ടി വന്ന സാഹചര്യം വ്യക്തമല്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് പ്രൊജക്ടുകളുടെ നടത്തിപ്പിനെ ബാധിച്ചിരുന്നതായും ക്രമ നം.2,3,4,17,19,20 പ്രൊജക്ടുകൾ പൂർത്തിയായവയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ പൂർത്തിയാക്കിയ പ്രൊജക്ടുകൾക്കു തൻവർഷം സ്പിൽഓവറായി തുക വകയിരുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പ്രൊജക്ടുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശദ പരിശോധന ആവശ്യമാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 മരാമത്ത് പ്രൊജക്ടുകൾ- അപാകതകൾ

അസി.എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രൊജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതിമുഖേനയുള്ള പ്രവൃത്തികൾ – നടപടി ക്രമങ്ങൾ പാലിക്കാതെ തുക നല്കി

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ആകെ ചെലവ് | ബിൽ നം തിയ്യതി | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 121/16(so) | കായിഞ്ഞെരിക്കൽ കല്ലും പുറംറോഡ് | ശ്രീ. അനീഷ്.എം.ടി | 280000 | 1/31-07-15 | 1. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവു ചെലവുകൾ ലഭ്യമാക്കിയിട്ടില്ല<br>2. ഗുണഭോക്തൃ സമിതി യുടെ പ്രവൃത്തി നടത്തിപ്പിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും ക്ലോസ് ചെയ്തതിന്റയും വിവരം ലഭ്യമല്ല. |
| 2 | 122/16(so) | കീരങ്കൈ റോഡ് | ശ്രീ.കെ. പി ഖാസിം | 217177 | 25/13-10-15 | ടി. |
| | | | ആകെ | 497177 | | |

സംസ്ഥാന ആസൂത്രണ ബോർഡിൻറെ 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ,സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ പ്രവൃത്തി നടത്തിപ്പിനായി സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതും ഫൈനൽ ബില്ല് ലഭിച്ച ശേഷം സമിതി ഗുണഭോക്താക്കളുടെ പൊതു യോഗം ചേർന്ന് സമിതിയുടെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുകയും കമ്മറ്റി പിരിച്ചു വിട്ട് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുകയും വേണം. കരാർ ഉടമ്പടിയിലെ നിരക്കുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനിയർ രേഖപ്പെടുത്തുന്ന അളവുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകേണ്ടത്. ഗുണഭോക്തൃ സമിതി മിനുട്സ്, പ്രവൃത്തി ഫയൽ എന്നിവ പരിശോധിച്ചതിൽ മേൽചേർത്ത നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ

സമിതിക്ക് അർഹമായ തുക തന്നെയാണ് നൽകിയത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ 15ാം നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക 497177 രൂപ തടസ്സത്തിൽ വെക്കുന്നു.

2. കാഷ് ബുക്ക് അപൂർണ്ണമായി തയ്യാറാക്കി. 1.4.2015 മുതൽ 24.9.15 വരെയുള്ള വരവുചെലവു വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കാഷ്ബുക്കിൽ നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.പ്രൊജക്റ്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപറ്റ് രശീത് ഇല്ല.

2015-16 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും റിക്കവറി ചെയ്ത നിർമ്മാണ തൊഴിലാളി ക്ഷമനിധി വിഹിതം ക്ഷമനിധി ബോർഡ് കൈപ്പറ്റിയതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

I. നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് എഞ്ചിനിയർ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിൻറെ പേര് | റിക്കവറി ചെയ്ത നിർമ്മാണ തൊഴിലാളി ക്ഷമനിധി വിഹിതം | ഡി ഡി നമ്പർ | തിയ്യതി |
|---|---|---|---|---|---|
| 1 | 120/16 (so) | വേളം ഹൈസ്കൂൾ റോഡ് | 1888 | 579379 | 7/8/2015 |
| 2 | 142/16 (so) | ഒറമുണ്ടക്കൽ പുളിയുള്ളതിൽ റോഡ് | 906 | 579369 | 7/8/2015 |
| 3 | 106/16(so) | കാരക്കുന്ന് പള്ളി -ശ്മശാനം വാച്ചാൽ റോഡ് | 2480 | 579378 | 7/8/2015 |
| 4 | 130/16(so) | പൂമുഖം സബ്സെൻരർ കെട്ടിട നിർമ്മാണം | 1836 | 579567 | 19/08/2015 |
| 5 | 129/16(so) | ഊരാളുകണ്ടി മുക്ക് -തയ്യുള്ളതിൽ മുക്ക് റോഡ് | 1932 | 579366 | 7/8/2015 |
| 6 | 107/16(so) | നൊച്ചാട് മുക്ക് -മണിമല റോഡ് | 3007 | 579375 | 7/08/2015 |
| 7 | 124/16(so) | എള്ളിൽ മുക്ക്- പൂതാർകുഴി റോഡ് | 1929 | 57937 | 7/08/2015 |
| 8 | 121/16(so) | കായിത്തിരിക്കൽ - കല്ലും പുറം റോഡ് | 2800 | 579373 | 7/8/2015 |
| 9 | 134/16(so) | കേളോത്ത് മുക്ക് -കുളങ്ങരത്ത് റോഡ് | 2194 | 580313 | 30/09/2015 |
| 10 | 128/16(so) | തീക്കുനി-ഓങ്ങാരപൊയിൽ മദ്രസ്സ റോഡ് | 755 | 580310 | 30/09/2015 |
| 11 | 125/16(so) | തുരുത്തിക്കുന്ന് റോഡ് | 293 | 580309 | 30/09/2015 |
| 12 | 98/16 (so) | ആലവാതുക്കൽ -കോവുപ്പുറം റോഡ് | 2475 | 580677 | 15/10/2015 |

| | | | | | |
|---|---|---|---|---|---|
| 13 | 119/16(so) | നെല്ലിയുള്ള മുക്ക്- കല്ലനണ്ടി റോഡ് | 5631 | 580685 | 15/102015 |
| 14 | 123/16(so) | തട്ടാന്റെ മുക്ക് -കരിമ്പാലക്കണ്ടി റോഡ് | 1985 | 580690 | 15/10/2015 |
| 15 | 162/16(so) | തയ്യിൽ മുക്ക്-ജി എൽ പി എസ് അരമ്പമല റോഡ് | 4635 | 580689 | 15/10/2015 |
| 16 | 127/16(so) | കല്ലൻറെ പറമ്പത്ത് മുക്ക്-മങ്ങാട് കുന്ന് കിഴക്കയിൽ മുക്ക് മലയിൽ പീടിക റോഡ് | 3770 | 580681 | 15/10/2015 |
| 17 | 122/16 (so) | കീരങ്കൈ റോഡ് പ്രവൃത്തി | 2441 | 580684 | 15/10/2015 |
| 18 | 126/16(so) | ചേരാപുരം അങ്ങാടി ചെട്ട്യാൻകണ്ടി റോഡ് | 2323 | 580686 | 15/10/2015 |
| | | ആകെ | 43280 | | |
| II. നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി | | | | | |
| 19 | 58/16 | ഓംബുഡ്സ്മാൻ ഉത്തരവ് പ്രകാരം കാരക്കുന്ന് വാചാൽ റോഡ്തുക നൽകൽ | 918 | 582546 | 05/02/2016 |
| 20 | 24/16 | പെരുമ്പാട്ട് റോഡ് ടാറിംഗ് | 1970 | 252750 | 19/03/2016 |
| 21 | 30/16 | കേളോത്ത് പുത്തൻ പുരയിൽ മുക്ക് തയ്യിൽ താഴെ റോഡ് | 4927 | 253339 | 29/13/2016 |
| 22 | 14/15 | ജി എൽ പി സ്കൂൾ അരമ്പോൽ മെയിൻറൻസ് | 4375 | 252739 | 19/03/2016 |
| 23 | 221/16 | പൂളക്കൂൽ പള്ളി റോഡ് | 1969 | 255334 | 29/03/216 |
| 24 | 76/15 | പുതിയോട്ടിൽ മുക്ക് കനാൽ റോഡ് | 2995 | 252716 | 29/03/2016 |
| 25 | 17/16 | ചെമ്പക്കോട്ടുമ്മൽ- കനാൽ റോഡ് പൂർത്തീകരണം | 2995 | 253333 | 29/03/2016 |
| 26 | 63/16 | എള്ളിൽ മുക്ക് പൂമംഗലം റോഡ് | 2805 | 252718 | 18/032016 |
| 27 | 94/16 | ആലത്തോട്ടത്തിൽ മുക്ക് മലയിൽ റോഡ് | 2955 | 255423 | 16/04/2016 |
| 28 | 23/16 | മീത്തലെ തോട്ടുവയിൽ തട്ടാൻറെ മീത്തൽ റോഡ് | 4000 | 252743 | 19/03/2016 |
| 29 | 21/16 | വരിക്കോളി മുക്ക് - കാരങ്കോട്ട് റോഡ് | 2995 | 252741 | 19/03/2016 |
| 30 | 20/16 | മലയിൽ വളപ്പ് വല്ലക്കൽ റോഡ് | 2986 | 252748 | 19/03/2016 |
| 31 | 84/16 | പാറക്കാം പൊയിൽ റോഡ് ടാറിംഗ് | 1970 | 253336 | 29/03/2016 |
| 32 | 28/16 | തീക്കുനി മദ്രസ്സ റോഡ് പൂർത്തീകരണം | 4886 | 255156 | 15/04/2016 |
| 33 | 229/16 | ആലക്കാാട്ട് തറ റോഡ് | 2914 | 255146 | 15/04/2016 |

| | | | | | |
|---|---|---|---|---|---|
| 34 | 64/16 | വടക്കയിൽ മുക്ക്- മാരാം വീട്ടിൽതാഴെ റോഡ് | 2496 | 255135 | 15/04/2016 |
| 35 | 204/16 | കുളിക്കുന്ന് സ്റ്റേഡിയം അറ്റകുറ്റപണി | 6383 | 255133 | 15/04/2016 |
| 36 | 93/16 | പള്ളി മുക്ക് നെല്ലിയുള്ളതിൽ താഴെ റോഡ് | 1565 | 255424 | |
| 37 | 72/16 | ചേനായി കടവ് റോഡ് | 2464 | 255143 | 15/04/2016 |
| 38 | 248/16 | പുവ്വത്താമ്മൽ താഴെറോഡ് | 1982 | 255131 | 15/04/2016 |
| 39 | 81/16 | ഒറമുണ്ടക്കൽ മാതാഞ്ചേരി റോഡ് | 1996 | 255420 | 16/04/206 |
| 40 | 234/16 | ുണച്ചേരി മീത്തൽപുതിയോട്ടിൽ താഴെ റോഡ് | 2812 | 255149 | 15/04/2016 |
| 41 | 22/16 | ആറങ്ങാട്ട് മുക്ക് പുത്തൂർ റോഡ് | 4900 | 255153 | 15/04/2016 |
| 42 | 163/16 | വടക്കയിൽ മുക്ക് വേളം ഹൈസ്കൂൾറോഡ് പൂർത്തീകരണം | 2792 | 255148 | 15/04/2016 |
| 43 | 007/16 | എള്ളിൽമുക്ക് കുറിച്ചകം ജി എൽപി സ്കൂൾ റോഡ് | 1970 | 255152 | 15/04/2016 |
| 44 | 222/16 | മങ്ങാട്ട് താഴെ കൾവർട്ട് | 1000 | 255134 | 15/04/2016 |
| 45 | 91/16 | മങ്ങോടി മുക്ക് - വെളുത്ത പറമ്പത്ത് റോഡ് | 2995 | 255151 | 18/03/2016 |
| 46 | 68/16 | ചെറുകുന്ന് ക്ഷേത്രം റോഡ് | 1992 | 255139 | 15/04/206 |
| 47 | 87/16 | കപ്പച്ചേരി താഴ തായനപ്പാറ റോഡ് | 1934 | 255136 | 15/04/2016 |
| 48 | 14/16 | തയ്യുള്ളതിൽ മുക്ക് ചക്കുള്ളതിൽ റോഡ് | 2955 | 252597 | 18/03/2016 |
| 49 | 77/16 | മവ്വഞ്ചേരി മുക്ക് മങ്ങാട് കുന്ന് റോഡ് | 1943 | 255138 | 15/04/2016 |
| 50 | 19/16 | പഴശ്ശി നഗർ കിഴക്കയിൽമുക്ക് റോഡ് | 3000 | 255142 | 15/04/2016 |
| 51 | 18/16 | ചെറുകുന്ന് ജിയുപി സ്കൂൾ ഒള്ളോടി ക്ഷേത്രം റോഡ് | 3987 | 255144 | 15/04/2016 |
| 52 | 15/16 | പാനത്തൊടി താഴ തീക്കുനി കനാൽ റോഡ് | 2476 | 255155 | 15/04/2016 |
| 53 | 25/16 | പൊറ്റേ ക്കുനി കുന്നോത്ത് താഴെ റോഡ് | 2770 | 255128 | 15/04/2016 |
| 54 | 27/16 | ജൂബിലി റോഡ് പരിഷ്കരണം | 1331 | 255132 | 15/04/2016 |
| 55 | 66/16 | തയ്യുള്ളതിൽമുക്ക് പുതിയോട്ടിൽ റോഡ് | 4862 | 255422 | 16/04/2016 |
| 56 | 16/16 | പുളിഞ്ഞോളി മുക്ക് - പിലാതോട്ടത്തിൽ റോഡ് | 2475 | 255157 | 15/04/2016 |
| 57 | 80/16 | ചാലിൽ പാറ കുനിങ്ങാരത്ത് റോഡ് | 3985 | 255127 | 15/04/2016 |

| | | | | | |
|---|---|---|---|---|---|
| 58 | 65/16 | കുറ്റിയിൽമുക്ക് അംഗനവാടി റോഡ് | 1988 | 255150 | 15/04/2016 |
| 59 | 006/16 | ചേരാപുരം ഗവ. എൽ പിസ സ്കൂൾ ഇൻറർലോക്ക് | 2984 | 255140 | 15/04/2016 |
| 60 | 26/16 | മുണ്ടക്കൽ മുക്ക് ഗുളികപ്പുഴ റോഡ് | 4790 | 255421 | 16/04/2016 |
| 61 | 70/16 | നറുവിൽമീത്തൽഒതയോത്ത് റോഡ് | 1984 | 255147 | 15/04/2016 |
| 62 | 85/16 | കീരങ്കൈറോഡ് | 2997 | 255141 | 15/04/2016 |
| 63 | 95/16 | ഏനായിൽ മുക്ക് എളം കുളംറോഡ് | 2426 | 255137 | 15/04/2016 |
| 64 | 75/16 | മലയിൽ പറമ്പ് വെള്ളക്കുണ്ട് പൂവ്വുള്ളതിൽ മീത്തൽ റോഡ് | 4507 | 255145 | 15/04/2016 |
| 65 | 007/16 | കുറിച്ചകം ഗവ. എൽപി സ്കൂൾമുറ്റം ഇൻറർലോക്ക് | 2703 | 255129 | 15/04/2016 |
| 66 | 012/16 | ചെറുകുന്ന് ഗവ യു പി സ്കൂൾ കോമ്പൗണ്ട് വാൾ മെയിൻറനൻസ് | 2969 | 255130 | 15/04/2016 |
| 67 | 117/16 | ഈങ്ങാത്തേരി കുടിവെള്ള പദ്ധതി | 1404 | 255883 | 25/04/2016 |
| 68 | | പാറക്കാം പൊയിൽ കുടിവെള്ള പദ്ധതി | 9392 | 251909 | 29/03/2016 |
| 69 | 230/15 | പുല്ലണ്ണോൽ എച്ച് എസ് റോഡ് | 2975 | 255154 | 15/04/2016 |
| | | | 153845 | | |
| | | ആകെ 43280 + 153845 | 197125 | | |

മേൽ ചേർത്ത പ്രകാരമുള്ള തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കേണ്ടതാണ്. ചെലവുതുക 197125/- തടസ്സത്തിൽ വെക്കുന്നു.

## 3-4 തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കൽ - ജില്ലാ പഞ്ചായത്തിന് നല്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രൊജ. നം. 228/16

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 200000/-(ധന.കാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 200000/-(ബിൽ നം.889/28.3.16 )

തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായുള്ള എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിനായുള്ള കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2015-16 906/16 നം. പ്രൊജക്റ്റിലേക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം 200000/- രൂ. ഒടുക്കുന്നതിന് 19.3.16 ലെ പി.9 – 2729/15 നം. കത്ത് മുഖേന കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് 200000/- ഡി.ഡി. നം. 253311/28.3.16) പ്രകാരം ഒടുക്കിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 200000/- തടസ്സത്തിൽ വെക്കുന്നു.

## 3-5 ഭൂമി വാങ്ങൽ പദ്ധതി- അപാകതകൾ

പ്രൊജക്ട് നമ്പർ - 1/2016

പ്രൊജക്ടിന്റെ പേര് - ഭവന നിർമ്മാണം ഭൂമി വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

വകയിരുത്തിയ തുക - 15,75,000/- (എസ്.സി.പി)

ചെലവ് -1,72,670/-

ബിൽ നമ്പർ - 5/16- 31/03/16

ഭൂമി നൽകിയവരുടേയും വിറ്റവരുടേയും വിശദാംശങ്ങൾ

| ഗുണഭോക്താവിന്റെ പേര് | ഭൂമി വിൽപന നടത്തിയവരുടെ പേര് വിവരം | ഡി ഡി നമ്പർ തിയ്യതി | തുക |
|---|---|---|---|
| അജീഷ്, സുനില വടക്കെ ചാലിൽ വേളം (പിഒ) | നാരായണി കിഴക്കുംമുറി | എസ് ബി ഐ - 255177 15-4-2016 | 33545/- |
| പവിത്രൻ, ലിജിന ഉദയം കുന്നമ്മൽ താഴെ കോട്ടക്കുന്നമ്മൽ | വിജിന വിജിനാലയം | എസ് ബി ഐ - 255176 15-4-2016 | 139125/- |

<u>പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ പറയുന്നു</u>

I. ശ്രീ. അജീഷ് വടക്കെ ചാലിൽ , (മുചുകുന്ന്) എന്ന ഗുണഭോക്താവ് വാർഡ് 8 ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയാണ്.പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ 2015-16 ൽ പരിഷ്കരിച്ച മാർഗ്ഗരേഖ ജിഒ (എം എസ്) 362/2013 ത.സ്വ.ഭ.വ 16-11-2013 പ്രകാരം ഭൂ രഹിതരായ വ്യക്തികൾക്ക് മാത്രമേ ഭൂമി ലഭിക്കാൻ അർഹതയുള്ളൂ.

എന്നാൽ ഗുണഭോക്താക്കളായ ശ്രീ. അജീഷ് വടക്കെ ചാലിൽ ഭാര്യ സുനില എന്നവർക്ക് നിലവിൽ ഭൂമി ഉള്ളവരാണെന്ന് രേഖകളിൽ നിന്ന് വ്യക്തമാണ്.(ഡോക്യുമെൻറ് നമ്പർ 1230/15 തിയ്യതി 22-09-2015 ആർഎസ് നമ്പർ 72/92 വേളം ദേശം)

അസിസ്റ്റൻറ് സെക്രട്ടറി ഒപ്പിട്ട ഓഫീസ് കുറിപ്പിൽ (തീയ്യതി ഇല്ല)ഗുണഭോക്താക്കളായി തെരഞ്ഞടുക്കപ്പെട്ട (1) ശ്രീ അജീഷ് വടക്കെ ചാലിൽ ഭാര്യ സുനില (2) ഉദയം കുന്നമ്മൽ താഴെ പവിത്രൻ , ഭാര്യ ലിജിന എന്നവർക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് കത്ത് നൽകിയതായും ആനുകൂല്യം നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

2015സപ്തംബറിൽ തന്നെ സ്വന്തമായി ഭൂമിയുള്ള അജീഷ്, ഭാര്യ സുനില വടക്കെ ചാലിൽ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃലിസ്റ്റ് 1.2.2016 ന് 18/2016(6) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു.എന്നാൽ ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അനർഹരാണെങ്കിൽ ഒഴിവാക്കേണ്ടതായിരുന്നെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. ഭൂരഹിതരല്ലാത്ത വ്യക്തികൾക്ക് ഭൂമി വാങ്ങുന്നതിന് സബ്സിഡി നല്കിയത് സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമാണ്. ഈ

ഇനത്തിൽ സർക്കാരിനുള്ള നഷ്ടം 33545 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. ഭൂമി ലഭിച്ച രണ്ടാമത്തെ ഗുണഭോക്താക്കളായ ശ്രീ. ഉദയം കുന്നമ്മൽ താഴ പവിത്രൻ, ലിജിന എന്നവർക്ക് 139125/-രൂപയാണ് നൽകിയത്.(ആധാരം നമ്പർ 517/16 2016 മാർച്ച് 22 റീ സർവ്വേ നമ്പർ 76//163 ദേശം ചേരാപുരം ) 4 സെന്റ് ഭൂമി 175000/- രൂപയാണ് ആധാര പ്രകാരം ഗുണഭോക്താവ് ഭൂമി വിറ്റ ശ്രീമതി വിജിന, w/o അനീഷ് എന്നവർക്ക് നൽകിയത്. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 10500/- രൂപയും ഇവർക്ക് ചെലവായിട്ടുണ്ട്.

3.11.16ന് ഓഡിറ്റ് ടീം, ശ്രീ പവിത്രൻ, ഭാര്യ ലിജിന എന്നവരെ നേരിൽ കേട്ടതിൽ, ഭൂമി വാങ്ങിയത്, ശ്രീമതി ലിജിനയുടെ സഹോദരിയായ ശ്രീമതി വിജിന (വിജിനാലയം, ഇരിങ്ങൽ )യിൽ നിന്നാണെന്ന് ബോധ്യപ്പെടുകയുണ്ടായി.ജിഒ (എം എസ്) 362/2013 ത.സ്വ.ഭ.വ 16-11-2013 പ്രകാരം, ഗുണഭോക്താക്കളുടെ മാതാപിതാക്കളിൽനിന്നോ സഹോദരി സഹോദരൻമാരിൽ നിന്നോ ആണ് ഭൂമി വാങ്ങിയതെങ്കിൽ സബ്സിഡിക്ക് അർഹതയില്ലാത്തതാണ്. കൂടാതെ GO(P) 9797 TD dt 28. 07.97, GO(P) 2000 Td.dt 4/07/2000 എന്നിവ പ്രകാരം സർക്കാർ പദ്ധതിയിൽ ലഭിക്കുന്ന ഭൂമി രജിസ്റ്റർ ചെയ്യുന്നവരെ സ്റ്റാമ്പ് ഡ്യൂട്ടി അടവാക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ ഗുണഭോക്താക്കൾ ആധാരത്തിൻറെ വിലക്ക് അനുസൃതമായി (10500 /-) രൂപ സ്റ്റാമ്പ് പേപ്പർ വാങ്ങേണ്ടി വന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ വിവരങ്ങൾ നൽകാത്തതിനാലാണ് . ഭൂമി വിലയായി 131250/- രൂപയും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 7875/- രൂപയും അടക്കം ആകെ 139125/-രൂ. ഗുണഭോക്താവിന് നല്കി. സ്റ്റാംപ് ഡ്യൂട്ടി ചെലവ് പദ്ധതി പണത്തിൽ നിന്നും അനുവദിച്ചത് ചട്ടവിരുദ്ധമാണ്. പ്രൊജക്റ്റ് പ്രകാരം ചെലവുചെയ്ത 172670/- രൂ.(33545+139125)ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

11/06/2009 ലെ ത.സ്വ.ഭ.വ സർക്കുലർ നം 78573/dc/1/08 പ്രകാരം ഗുണഭോക്താവിന് ലഭിക്കുന്ന ഭൂമി പന്ത്രണ്ട് വർഷത്തേക്ക് തദ്ദേശ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ഗുണഭോക്താവിന് ആ ഭൂമിയിൽ കൈവശാവകാശം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ശേഷം ഉടമസ്ഥാവകാശം ലഭിക്കുമെന്നും വ്യവസ്ഥ ചെയ്യണം. രജിസ്ട്രേഷൻ ഫീസും അവർ ഒടുക്കേണ്ടതില്ല. കൂടാതെ പന്ത്രണ്ട് വർഷം ആധാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുകയും വേണം.

എന്നാൽ മേൽ പറഞ്ഞതിൽ ഒരു വ്യവസ്ഥ പോലും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. ഗുണഭോക്താക്കളുമായി കരാറും പഞ്ചായത്ത് ചമച്ചിട്ടില്ല. മേൽ പറഞ്ഞ പദ്ധതിയുടെ ഗുണഭോക്താക്കൾ ഭൂമി പണയപ്പെടുത്തുകയോ കൈമാറുകയോ ചെയ്താൽ ആയത് തടയുന്നതിനുള്ള യാതൊരു നടപടിയും പഞ്ചായത്തിൻറെ ഭാഗത്തു നിന്നും നടത്താനാവില്ല. അപ്രകാരം സംഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

## 3-6 എസ്.എസ്.എ വിഹിതം വിനിയോഗ സാക്ഷ്യ പത്രം ഇല്ല.

പ്രൊജക്ട് :എസ്.എസ്.എ വിഹിതം നൽകൽ

നിർവ്വഹണം :ഹെഡ് മാസ്റ്റർ ജി.യു.പി സ്കൂൾ

ചെലവ് : 10 ലക്ഷം

ബിൽ നമ്പർ,തിയ്യതി :1/15-16 , 24.12.15

2015-2016 സാമ്പത്തിക വർഷം 10 ലക്ഷം രൂപ പഞ്ചായത്ത് വിഹിതം എസ്.എസ്.എ ക്ക്

അടവാക്കുകയുണ്ടായി.(ഡി.ഡി.നം581076/24.12.15).എന്നാൽ തുകയുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഹെഡ്മാസ്റ്റർ കാഷ്ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവു തുക 10 ലക്ഷം രൂപ തടസ്സത്തിൽ വെയ്ക്കുന്നു. എസ്.എസ്.എ പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശാംശങ്ങളടക്കമുള്ള വിനിയോഗ സാക്ഷ്യപത്രം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ് ബുക്ക് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതി-പൊതു അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | S.O.42/16 | കൂമ്പ് ചീയൽ ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ | 156000/- |
| 2 | S.O.42/16 | കൂമ്പ് ചീയൽ ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ | 11500/- |
| 3 | S.O.43/16 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 351900/- |

മുകളിൽ കാണിച്ച ക്രമ നമ്പർ ഒന്നിൽ 312 പേർക്ക് 500/- രൂപ വീതം 156000/- രൂപ ചിലവായിട്ടുണ്ട്.നിർവ്വഹണ ഉദ്യോഗസ്ഥന്റെ കേരള ഗ്രാമീണ ബാങ്കിന്റെ പൂളക്കൽ ബ്രാഞ്ചിന്റെ അക്കൗണ്ട് നമ്പർ 40185101009266 ൽ തുക നിക്ഷേപിക്കുകയും ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ,അക്കൗണ്ട് നമ്പർ,ബാങ്ക് ബ്രാഞ്ച് എന്നീ വിവരങ്ങൾ അടങ്ങിയ പട്ടിക കത്ത് സഹിതം NEFT വഴി ട്രാൻസ്ഫർ ചെയ്യുന്നതിനായി ബാങ്കിന് നൽകുകയും ചെയ്തു.എന്നാൽ പ്രസ്തുത പട്ടികയിൽ 17 പേരുടെ അക്കൗണ്ട് നമ്പർ തന്നെ ഇല്ലാതെയാണ് ബാങ്കിന് നൽകിയത്.

മേൽ പറഞ്ഞ പദ്ധതികളിൽ ഒന്നും തന്നെ ഗുണഭോക്താക്കൾക്ക് പണം അക്കൗണ്ടിൽ ലഭ്യമായി എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.ബാങ്കിൽ നിന്ന് ലഭ്യമാക്കിയ രേഖയിൽ തന്നെ വിവിധ പദ്ധതികളിലായി 19066/- രൂപ വിവിധ അക്കൗണ്ടുകളിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നതായി രേഖ ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ പദ്ധതി തുകകൾ എല്ലാം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നിന്ന് തുടർന്നുള്ള ദിവസങ്ങളിൽ പിൻവലിച്ചതായി ബാങ്ക് പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് മുഴുവൻ അവർക്ക് അർഹതപ്പെട്ട തുകകൾ ലഭിച്ചു എന്ന് ഇതിനാൽ ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

തെങ്ങ് കൂമ്പ് ചീയൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ഒട്ടമിക്ക അപേക്ഷകളിലും അപേക്ഷകൻ അപേക്ഷ നൽകിയ തിയ്യതി ഇല്ല.

2. അപേക്ഷകൻ നൽകിയ അപേക്ഷകളിൽ ഒന്നും തന്നെ കൃഷി അസ്സിസ്റ്റന്റ് സ്ഥല പരിശോധന നടത്തിയ തിയ്യതി ഇല്ല.

3.കൃഷി ഓഫീസർ വാല്യുവേഷൽ റിപ്പോർട്ടിൽ സ്ഥല പരിശോധന നടത്തിയ കൃഷി അസ്സിസ്സ്റ്റന്റിന് 1000/- രൂപ ചിലവായി എന്നതിനാൽ 500/-രൂപ അനുവദിക്കാമെന്ന് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കൃഷി ഓഫീസർക്ക് 1000/- രൂപ ചിലവായി എന്ന് എവിടെ നിന്നാണ് റിപ്പോർട്ട് കിട്ടിയത് എന്ന് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടിയിട്ടില്ല.

ഉദാ:

| പേര് | വാർഡ് നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് |
|---|---|---|---|
| ശ്രീജ തയ്യുള്ളതിൽ | 6 | 44182200024034 | സിൻഡിക്കേറ്റ് |
| അനീഷ് .എസ്.കെ | 6 | 44182200039880 | സിൻഡിക്കേറ്റ് |
| രാധാകൃഷ്ണൻ | 6 | 4308001700138234 | PNB |
| ലീല | 6 | 40185100200780 | KGB |

4.അപേക്ഷകൻ ഒപ്പ് വെയ്ക്കാതെ സമർപ്പിച്ച അപേക്ഷകളിലും തുക അനുവദിച്ചിട്ടുണ്ട്

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അക്കൗണ്ട് നമ്പർ / ബാങ്ക് | വാർഡ് നമ്പർ |
|---|---|---|---|
| 1 | അയിഷ ചറ്റേങ്ങവിട | 40115100109207 KGB | 1 |
| 2 | മറിയം | 40185100201825 KGB | 6 |

മേൽ പറഞ്ഞ പ്രകാരം അപേക്ഷ അനുവദിച്ച് തുക നൽകുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല.അപാകതകൾ സംബന്ധിച്ച് നല്കിയ 7ാം നം. ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-8** കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതിക്ക് കൃത്യമായ ഗുണഭോക്തൃ ലിസ്റ്റ് ഇല്ല.

2015-16 വർഷത്തെ വിവിധ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് വാർഡ് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ്.

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭ തയ്യാറാക്കി ആയതിൽ നിന്ന് പഞ്ചായത്ത് തലത്തിൽ അംഗീകരിക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമുണ്ട്.പ്രസ്തുത മുൻഗണനാ ലിസ്റ്റ് ലഭിച്ചതിന് ശേഷമേ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗരേഖ 2.9.1998 ലെ ജി.ഒ.പി നം. 181/98/ ത.സ്യ.ഭ.വ 9.7.1999 ലെ ജി.ഒ.പി നം. 138/99/ത.സ്യ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഉത്തരവുകൾ പാലിച്ചതായി കാണുന്നില്ല.

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ വീതം വച്ചതായാണ് കാണുന്നത്. പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാതെ പദ്ധതി നടപ്പാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കേണ്ടതാണ്.

## **3-9** ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അംഗപരിമിതർക്ക് മുച്ചക്ര വാഹനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കാണിച്ച അപാകതകൾ കാണുന്നു.

പദ്ധതിയുടെ നമ്പറും പേരും :226/16 അംഗപരിമിതർക്ക് മുച്ചക്ര വാഹനം..

വകയിരുത്തിയ തുക : 650000/- വികസനഫണ്ട് ജനറൽ.

100000 ബ്ളോക്ക് വിഹിതം.

ആകെ 750000/-

ചെലവ് തുക :650000/-

ഗ്രാമപഞ്ചായത്ത് തീരുമാനം :59/2015 തി 9/7/15

അംഗീകാരം നൽകിയ ഉദ്യോഗസ്ഥന്റെ പേര് – ഗീത, സി.ഡി.പി.ഒ

10 പേർക്കാണ് സ്കൂട്ടർ വിതരണം ചെയ്തത് .ഒരെണ്ണത്തിന് 65000/- രൂപയാണ് വിലയായത്.(കെൽട്രോൺ ഇൻവോയ്സ് നമ്പർ KLD /15-16/SC-10 dt.23.3.16)

1. മഹീന്ദ്ര റോഡിയോ എന്ന സ്കൂട്ടർ വാങ്ങുന്നതിന് മുൻപ് ക്വട്ടേഷൻ മഹീന്ദ്ര കമ്പനിയിൽ നിന്നോ, പ്രസ്തുത ഉൽപ്പന്നത്തിന് ഡി.ജി.എസ്.ഡി, നിരക്ക് ബാധകമാണോ എന്ന് വ്യക്തമല്ല.ഇവ സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.(കെൽട്രോൺ മഹീന്ദ്ര സ്കൂട്ടറിന്റെ ഉൽപ്പാദകരല്ല.)

2.വാഹനം ലഭിച്ചവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(1) മനോജ് .കെ ,കുറ്റിയിൽവീട്. (2)രമേശൻ.മിട്ടിലേരി പറമ്പ് (3)ഇസ്മയിൽ .എ.എം,അരട്ടമണ്ണിൽ വീട് (4)കെ.ലീല മീത്തലെമുണ്ടയ്ക്കൽ (5)രാജൻ,മലച്ചാലിൽ (6)ചന്ദ്രൻ,ഇരുത്തിയേൽ (7)അജിത,മലയിൽ (8)അസ്ഹർ .ഒ.ഒതയക്കോട് (9)രമേശൻ,കുഴിച്ചാലിൽ (10)സൗമ്യ,തിരുമംഗലത്ത്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഡ്രൈവിങ്ങ് ലൈസൻസ് നിലവിലില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. 1988 ലെ മോട്ടോർ വാഹന നിയമം സെ 3 പ്രകാരം ഡ്രൈവിങ്ങ് ലൈസൻസ് ഇല്ലാത്തവർ വാഹനം പൊതു നിരത്തിൽ ഓടിക്കാൻ പാടുള്ളതല്ല.

3. ക്രമ നമ്പർ 3,5 എന്നവർക്ക് രജിസ്റ്റ്റേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ രേഖ ഫയലിലില്ല.

4. വാഹനങ്ങൾ ഒന്നും തന്നെ ഇൻഷ്യൂർ ചെയ്തതിന്റെ രേഖ ഫയലിലില്ല.വാഹനങ്ങൾ ലഭ്യമാക്കുന്നതിന് മുൻപ് അവ ലഭിക്കുന്നവർക്ക് അവ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതായിരുന്നു.

നിയമപരമായി ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമല്ലാത്തവർക്ക് ഇൻഷ്യുറൻസ് പരിരക്ഷ പോലുമില്ലാതെ വാഹനം നൽകിയത് വഴി പദ്ധതി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയാണുള്ളത്. ചെലവഴിച്ച പദ്ധതി തുകയായ 650000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്റ്റുകൾ -അപാകതകൾ

2015-16 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

I. വനിതകൾക്ക് പശു വിതരണം – പ്രൊജ. നം :34/16

അടങ്കൽ :690000/-(വികസന ഫണ്ട്)

690000/-(ഗുണഭോക്തൃ വിഹിതം)
ആകെ :13,80000/-
ചെലവ് – 6,45,000 (വി. ഫണ്ട്) ,6,45,000(ഗു. വിഹിതം)– ട്രഷറി.ബിൽ നം.2/15-16,23.3.16

പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക പർച്ചേസിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും 26.1.16 ന് ചേർന്ന കമ്മിറ്റി സമീർ.ടി.കെ എന്നവരെ കാലികളെ വാങ്ങി വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു.

ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ പറയുന്നു.

1.വനിതകൾക്കായി പ്രത്യേകം വിഭാവനം ചെയ്ത പദ്ധതിയിൽ 9 പുരുഷൻമാർക്കും ആനുകൂല്യം നല്കി. വനിതാ

ശിശുക്ഷേമ മേഖലയിൽ വകയിരുത്തിയ തുക പുരുഷൻമാർക്ക് ആനുകൂല്യം നല്കാൻ ചെലവഴിച്ചത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

2.സബ്സിഡി തുക പണമായി നല്കാൻ പാടില്ലാത്തതാണ്. മാത്രമല്ല പ്രൊജക്റ്റ് പ്രകാരം പർച്ചേസിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും ശ്രീ സമീർ .ടി. കെ എന്നയാളെ പശുക്കളെ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.എന്നാൽ ഓഡിറ്റ് ടീം ഏതാനും ഗുണഭോക്താക്കളെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

a)പ്രേമകുമാരി,പുളിയുള്ളതിൽ ,തീക്കനി(3/422)മറ്റൊരു വീട്ടിലെ പശുവിനെ തന്റേതാണെന്ന് പറഞ്ഞ് കാണിച്ചു.ഇൻഷ്വർ ചെയ്ത പശുവിനെ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

b)ശാന്ത,തറവട്ടത്ത് ,ചേരാപുരം, സഹോദരൻ സത്യനിൽ നിന്ന് വാങ്ങിയതായി അറിയിച്ചു. ഇൻഷ്വർ ചെയ്ത രേഖയോ ടാഗ് ചെയ്ത പശുവിനെയോ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

c)ശ്യാമള,പുളിയുള്ളതിൽ (3/143)ടി പഞ്ചായത്തിൽ ഉള്ള വിൽപ്പനക്കാരനിൽ നിന്ന് വാങ്ങിയതായി അറിയിച്ചു.ഇൻഷ്വർ ചെയ്തതിന്റെ രേഖയോ ടാഗ് ചെയ്ത പശുവിനെയോ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

d)വിജയലക്ഷ്മി ,ആറ്റിലാംകണ്ടി (2/310)പശുവിനെ കാണാൻ കഴിഞ്ഞില്ല.തുടർന്ന് പശുവിനെ വില്പന നടത്തിയതായി രേഖാ മൂലം അറിയിച്ചു.

e)മൊയ്തു,കേളപ്പൻകണ്ടി,എന്നവർ ബ്രൗൺ നിറത്തിലുള്ള പശുവിനെ കാണിച്ചെങ്കിലും ഇൻഷ്വർ ചെയ്ത രേഖയോ ടാഗ് ചെയ്ത പശുവിനെയോ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

കന്നുകാലികളെ സ്വന്തം പഞ്ചായത്ത് പരിധിയിൽ നിന്നും അവരവർ തന്നെ വാങ്ങിയതായും സബ്സിഡി തുക 15000/- രൂപയും ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിൽ ഒടുക്കിയ 15000/- രൂപയും ഉൾപ്പെടെ ആകെ 30000/- രൂ. വെറ്ററിനറി സർജനിൽ നിന്നും കൈപ്പറ്റുകയാണുണ്ടായതെന്നും ഭൂരിപക്ഷം ഗുണഭോക്താക്കളും ഓഡിറ്റിൽ വിശദീകരിച്ചു. ഗുണഭോക്തൃ സമിതി പശുക്കളെ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയ സമീർ. ടി. കെ എന്നയാൾ ഗുണഭോക്താക്കൾക്ക് പശുക്കളെ വിതരണം ചെയ്തിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. എന്നാൽ പോലും 43 പശുക്കളുടെ വില 30000/- നിരക്കിൽ ആകെ 12,90000/- രൂപയുടെ ഡി.ഡി ശ്രീ സമീർ ടി. കെ എന്നയാളുടെ പേരിൽ നല്കിയതിന്റെ സാംഗത്യം വ്യക്തമല്ല. ഗുണഭോക്താക്കളുടെ വിശദീകരണം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തുക വെറ്ററിനറി ഡിസ്പൻസറിയിൽ നിന്നും വിതരണം ചെയ്തതായി ഫയലുകൾ ഓഡിറ്റിൽ സമർപ്പിച്ച ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും വിശദീകരിക്കുകയുണ്ടായി. പഞ്ചായത്ത് പരിധിയിലുള്ള പശുക്കളെ പരസ്പരം കൈമാറുക വഴി, പ്രൊജക്ററ് കൊണ്ടുദ്ദേശിച്ച പാൽഉൽപാദന വർധന ലക്ഷ്യം കണ്ടിട്ടില്ല. ഓഡിറ്റ് പരിശോധനയിൽ വെറ്ററിനറി സർജനിൽ നിന്നും പണം കൈപ്പറ്റിയതായി വിശദീകരിച്ച ഒട്ടുമിക്ക ഗുണഭോക്താക്കൾക്കും പദ്ധതി നടപ്പാക്കി വെറും ഒരു വർഷം പൂർത്തിയാവുമ്പോഴേക്കും പല കാരണങ്ങൾ പ്രകാരം പശുക്കളെ കാണിച്ചുതരാൻ കഴിയാത്തതും പ്രൊജക്റ്റ് പ്രകാരം വാങ്ങിയതാണെന്നതിന് ഇൻഷുറൻസ് രേഖകളടക്കം ഹാജരാക്കാൻ കഴിയാത്തതും വെറ്ററിനറി സർജൻ പണം വിതരണം ചെയ്തെന്ന ഗുണഭോക്താക്കളുടെ വിശദീകരണവും പ്രൊജക്റ്റ് നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. 1290000/- രൂപയുടെ ചെലവ്(6,45,000വി. ഫണ്ട് + 6,45,000 – ഗു. വിഹിതം) തടസ്സത്തിൽ വെക്കുന്നു.വിജയലക്ഷ്മി ,ആറ്റിലാംകണ്ടി (2/310)പശുവിനെ വില്പന നടത്തിയതായി രേഖാ മൂലം അറിയിച്ചതിനാൽ 15000/- രൂപ നിരാകരിക്കുന്നു.

II.വനിതകൾക്ക് ആട് വിതരണം- പ്രൊജ. നം. 35/16

അടങ്കൽ :10,20,000/-

ചെലവ് – 6,48000 (വി. ഫണ്ട് ,3,24,000,ഗു. വിഹിതം 324000)ട്രഷറി.ബിൽ നം3/15-16,23.3.16.

6000/- രൂപ വീതം 120 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി വളർത്തുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്.(ഇതിൽ ഗുണഭോക്തൃ വിഹിതം 3000/- രൂപ)തിരഞ്ഞെടുത്ത 108 ഗുണഭോക്താക്കൾക്ക് ആടിനെ

വിതരണം ചെയ്തതിന്റെ ചെലവു രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയത് പരിശോധിച്ചതിൽ താഴെ ചേർത്ത പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

വനിതകൾക്കായി പ്രത്യേകം വിഭാവനം ചെയ്ത പദ്ധതിയിൽ 15 പുരുഷൻമാർക്കും ആനുകൂല്യം നല്കി. വനിതാ ശിശുക്ഷേമ മേഖലയിൽ വകയിരുത്തിയ തുക പുരുഷൻമാർക്ക് ആനുകൂല്യം നല്കാൻ ചെലവഴിച്ചത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

ഗുണഭോക്തൃ കമ്മിറ്റി ആട് വിതരണത്തിനായി ഏല്പിച്ച സമീർ.ടി.കെ എന്നവരുടെ പേരിൽ ചെക്ക് നൽകിയതായി ഫയലിൽ കാണുകയുണ്ടായി. ഓഡിറ്റ് ടീം ഏതാനും ഗുണഭോക്താക്കളെ നേരിൽ കേട്ടതിൽ ആടിനെ പഞ്ചായത്ത് പരിധിയിൽ തന്നെയുള്ള വീടുകളിൽനിന്നും കച്ചവടക്കാരിൽ നിന്നും അവരവർ വാങ്ങിയതായും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൻ നിന്നും 6000/- രൂപ പണമായി ലഭിച്ചതായും വിശദീകരിക്കുകയുണ്ടായി. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആരും തന്നെ ആടിനെ വളർത്തുന്നത് കണ്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)ജാനു തയ്യിൽ ,(വാർഡ് 3)മകളുടെ വീട്ടിലെ ആടിനെയാണ് വാങ്ങിയതെന്നും,അത് മകളുടെ വീട്ടിലാണെന്നും പറഞ്ഞു.ഇൻഷ്വർ ചെയ്ത രേഖയോ ആടിനെയോ കാണാൻ കഴിഞ്ഞില്ല.

2)അബ്ദുൾ കരീം ,ചേരാവൂർ,(വാർഡ് 17).ടിയാൻ അടുത്ത വീട്ടിലെ ആടിനെ കാണിച്ചുതന്നു.ഇൻഷ്വർ ചെയ്ത ടാഗ് ചെയ്ത ആടിനെ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

3)ശാന്തw/o.നാണു(വാർഡ് 17) ആടിനെ കാണിക്കാൻ ടിയാന് കഴിഞ്ഞില്ല.

4)നഫസത്തുന്നീസ,കിഴക്കപ്പറമ്പ് ,തീക്കുനി.ടിയാളുടെ വീട്ടിൽ ആടിനെയോ ആടിൻ കൂടോ കാണാൻ കഴിഞ്ഞില്ല.ഗുണഭോക്താവ് തന്റെ തറവാട് വീട്ടിൽ നിന്നാണ് ആടിനെ വാങ്ങിയതെന്നും തിരിച്ച് അവിടെതന്നെ വളർത്താൻ നൽകി എന്നും മറുപടിയായി അറിയിച്ചു.

നടപടിക്രമം പാലിക്കാതെ പദ്ധതി തുക പണമായി നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.കൂടാതെ ഗുണഭോക്താക്കൾ വാങ്ങിയതായി പറയുന്ന ആടുകളെ പദ്ധതി നടപ്പിലാക്കി ഒരു വർഷം പൂർത്തിയാവുമ്പോഴേക്ക് തന്നെ കാണാൻ കഴിയാത്തതും നിർവ്വഹണോദ്യോഗസ്ഥൻ സബ്സിഡി തുക പണമായി വിതരണം ചെയ്തെന്ന ഗുണഭോക്താക്കളുടെ വിശദീകരണവും പ്രൊജക്ട് നടത്തിപ്പിനായുള്ള സാമ്പത്തിക ഇടപാടിലെ സുതാര്യത സംബന്ധിച്ച് വിശദമായ അന്വേഷണത്തിന്റെ ആവശ്യം ബലപ്പെടുത്തുന്നു.വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ ചേർത്ത രണ്ടു പ്രൊജക്ടുകളും സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പ്രൊജക്ട് പ്രകാരമുള്ള ചെലവുതുക 648000/.തടസ്സത്തിൽവെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2015-16 വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പയിനത്തിൽ 3,22,500/-രൂപ വരവുണ്ട്. തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | 322/2010 തീയതി 29.01.2010 | 3,22,500/- | 10,78,600/- | 5,00,000/- | | 9,01,100/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,33,371 |
| തൻവർഷം നിക്ഷേപിച്ച തുക | 2,36,425 |
| ആകെ | 27,69,616 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27,69,616 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോർപ്പറേഷൻ ബാങ്ക് തിരുവള്ളൂർ, FD-675687 | 1189324 |
| കെഡിസിബാങ്ക് കുറ്റ്യാടി, FD:100341807520060 | 1580292 |
| ആകെ | 2769616 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23,827/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2010-11, 11-12 | ഓഡിറ്റ് എൻക്വയറി നമ്പർ 15 | 1430 | ജിതിൻ നാഥ്, അസി.എഞ്ചിനീയർ | 11501100063, 10.04.2015 |
| 2010-11, 11-12 | 3(6)എ | 5396 | അരുണിമ,എ അസി.എഞ്ചിനീയർ | 11501100141, 22.04.2015 |
| 2010-11, 11-12 | 3(9)എ | 1988 | അരുണിമ, എ അസി.എഞ്ചിനീയർ | 11501100377, 29.05.2015 |
| 2010-11, 11-12 | 3-4(4) | 3925<br>3235 | വിശ്വനാഥൻ, സെക്രട്ടറി | 11501100464, 18.06.2015 |
| 2010-11, 11-12 | 3-8 | 7853 | കുഞ്ഞിരാമൻ നമ്പ്യാർ, കരാറുകാരൻ | 11501100638, 12.08.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | 7 | നികുതി പിരിവിൽ അലംഭാവം |
| 2000-01 | 2(1) | 2004-05 | 1-പൊതുപരാമർശം | പുതിയഅക്കൗണ്ടിംഗ്-കണക്കുകൾ ശരിയാക്കിയില്ല |
| 2000-01 | 2(2) | 2004-05 | 3-പൊതുപരാമർശം | നികുതിപിരിവിൽ അലംഭാവം |
| 2001 - 02 | 10 | 2004-05 | 5 | സബസിഡിമാനദണ്ഡങ്ങൾ പാലിക്കാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28038441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47947317 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 187670 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4482302 |

(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | | 172670 | ശ്രീ സജി പി ബി, അസി സെക്രട്ടറി |
| 3-10 | | 15000/- | വെറ്ററിനററി സർജൻ . |
| | ആകെ | 187670 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 497177 | ശ്രീ അഖിൽ ഹരി,അസി. എഞ്ചിനീയർ |
| 3-3 | 197125 | ശ്രീ ഇ കെ അശോകൻ , സെക്രട്ട്റി- 153845/-<br>ശ്രീ അഖിൽ ഹരി, അസി എഞ്ചിനീയർ -43280/- |
| 3-4 | 200000 | ശ്രീ ഇ കെ അശോകൻ, സെക്രട്ടറി |
| 3-6 | 1000000 | ശ്രീ കെ കെ ബാലകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-9 | 650000 | ശ്രീമതി.വിമല സി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3(10)-I | 1290000 | വെറ്ററിനറി സർജൻ . |
| 3(10)II | 648000 | വെറ്ററിനറി സർജൻ . |
| ആകെ | 4482302 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സജി പി ബി, | അസി സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത് | പള്ളി പടിഞ്ഞാറതിൽ, മലയാലപ്പുഴ, ഏറം (പി ഓ) പത്തനംതിട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,<br>91-92 | എൽ.എഫ.കെകെ.ഡി.പി.6/835/13/19.6.13 | 1 |
| 1992-93,<br>93-94 | എൽ.എഫ്.കെ.കെ.ഡി.പി.6/280/10/19.8.10 | 5 |
| 1994-95,<br>95-96 | എൽ.എഫ്.കെ.കെ.ഡി.പി.6/280/10/19.8.10 | 2 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എസ്2/382/02/8.9.04 | 21 |
| 1997-98 | എൽ.എഫ്.എസ്3/1369/01/2.4.02 | 16 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.3/643/02/2.9.05 | 17 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.എസ്1/428/03/22.2.07 | 10 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.6/967a/05/22.02.07 | 14 |
| 2000-01<br>വരവ്ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി.6/967/05/19.02.07 | 8 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.6/967/05/19.02.07 | 5 |
| 2001-02<br>വരവ്ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി.6/301/08/13.3.08 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.6/1303/08/5.1.09 | 8 |
| 2003-04 | ൽ.എഫ്.കെ.കെ.ഡി.പി.6/357/09/1.4.09 | 25 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.6/835/13(2)/19.6.13 | 9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.6/835/13/19.6.13 | 8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.6/807/13/19.6.13 | 7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.6/700/11/14.02.12 | 29 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.6/1791/12/15.4.13 | 6 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.6/1790/12/4.4.13 | 9 |
| 2010-11,<br>11-12 | എൽ.എഫ്.കെ.കെ.ഡി.പി.6/1769/14/12.3.15 | 28 |
| 2012-13.<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.6/1411/15 തി.15.9.15 | 17 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6/1211/2016 തീയ്യതി 11.7.2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി6/2037/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി – 22.11.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

No. KSA.KKD/P6/2037/2016

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 22.11.2016

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of velom Grama Panchayat for the year ended on 31.3.2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of velom Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.